## മധുരമായ കുട്ടിളെ - നിങ്ങൾക്കിപ്പോൾ പുതിയ ജീവിതം ലഭിച്ചിരിക്കയാണ്, പഴയ ജീവിതം മാറിയിരിക്കുന്നു എന്തുകൊണ്ടെന്നാൽ നിങ്ങളിപ്പോൾ ഈശ്വരീയ സന്താനമായിരിക്കുന്നു, നിങ്ങളുടെ പ്രീതി ഒരു ബാബയോടാണ്

**ചോദ്യം:-** ദേവതയാകുന്ന ബ്രാഹ്മണരുടെ മുഖ്യ അടയാളം എന്തായിരിക്കും?
**ഉത്തരം:-** അവർ ബ്രഹ്മാവിന്റെ മുഖവംശാവലീ ബ്രാഹ്മണർ എല്ലാവരും ഏകാഭിപ്രായമുള്ളവരായിരിക്കും. അവരിൽ ഒരിക്കലും അഭിപ്രായ വ്യത്യാസം ഉണ്ടായിരിക്കില്ല, ഭിന്നത ഉണ്ടായിരിക്കില്ല. ലൗകികത്തിൽ ആരെയാണോ ബ്രാഹ്മണരെന്ന് പറയുന്നത് അവരിൽ അനേക ഭിന്നതകളുണ്ട്. ചിലർ സ്വയത്തെ പുഷ്കരണിയെന്ന് പറയുന്നു, ചിലർ സ്വയം സാരസിദ്ധരെന്ന് പറയുന്നു. നിങ്ങൾ ബ്രാഹ്മണർ ഒരു ബാബയുടെ മതത്തിലൂടെ ദേവതയാകുന്നു. ദേവതകളിലും ഒരിക്കലും ഭിന്നത ഉണ്ടായിരിക്കില്ല.

**ഗീതം:-** എന്നാണോ നമ്മൾ കണ്ടുമുട്ടിയത്. . . . .

**ഓം ശാന്തി**. എപ്പോഴാണോ ജീവാത്മാക്കളും പരമാത്മാവും അഥവാ കുട്ടികളും അച്ഛനും കണ്ടുമുട്ടുന്നത് അപ്പോൾ പുതിയ പ്രീതി ഉണ്ടാകുന്നു എന്തുകൊണ്ടെന്നാൽ മറ്റെല്ലാ സംഗങ്ങളിൽ നിന്നും പ്രീതി വേറിടുന്നു. എങ്ങനെയാണോ കന്യകയ്ക്ക് ആദ്യം അച്ഛന്റെ വീടിനോടായിരിക്കും പ്രീതി, വിവാഹ നിശ്ചയം നടക്കുന്നതിലൂടെ പുതിയ പ്രീതി ആരംഭിക്കുന്നു. കന്യകയ്ക്ക് ഭർതൃപിതാവിന്റെ വീട് തീർത്തും പുതിയതായിരിക്കും. പുതിയ ലോകത്തോടുള്ള പുതിയ പ്രീതി ആരംഭിക്കുമ്പോൾ മുഴുവൻ പുതിയ കുടുംബത്തോടും പ്രീതി വരുന്നു. ഇപ്പോൾ മഹിമയുമുണ്ട് - ആത്മാവും പരമാത്മാവും വളരെക്കാലം വേർപെട്ടിരുന്നു....... ഈ സുന്ദരമായ മേള പുതിയതാണ്. ഈ വീടും പുതിയതാണ്, സംബന്ധവും പുതിയതാണ്. നിങ്ങൾക്കറിയാം നമ്മൾ ബ്രഹ്മാകുമാരനും കുമാരിമാരുമാണ്. ശൂദ്ര കുമാരനും കുമാരിമാരും ഇപ്പോളില്ല. ബ്രഹ്മാവിനും ബ്രഹ്മാകുമാരനും കുമാരിമാർക്കും പരസ്പരം എത്ര സ്നേഹമാണ് എന്തുകൊണ്ടെന്നാൽ ഈശ്വരീയ സന്താനങ്ങളായിരിക്കുന്നു. ഈശ്വരൻ നിരാകാരനാണ്. ആ ഈശ്വരനോടൊപ്പം സ്നേഹം സാകാരത്തിലല്ലേ വേണ്ടത്. നിരാകാരനെ എങ്ങനെയാണ് സ്നേഹിക്കുക. ആത്മാവ് ശരീരത്തിൽ നിന്ന് വേറിട്ടാൽ സ്നേഹമുണ്ടായിരിക്കില്ല. ആത്മാവും പരമാത്മാവും എപ്പോഴാണോ സാകാരത്തിൽ കണ്ടുമുട്ടുന്നത് അപ്പോഴാണ് സ്നേഹമുണ്ടാകുന്നത്. നിരാകാര രൂപത്തിൽ പാടാറുണ്ട് അങ്ങ് മാതാ-പിതാവാണ്... അങ്ങ് വരികയാണെങ്കിൽ അങ്ങയുടെ കൃപയിലൂടെ ഞങ്ങൾക്ക് അളവില്ലാത്ത സുഖം ലഭിക്കും. പതിത-പാവനാ വരൂ... പാടാറില്ലേ. ശരിക്കും ഭാരതം ശ്രേഷ്ഠമായിരുന്നപ്പോൾ അളവില്ലാത്ത സുഖമുണ്ടായിരുന്നു. അതിന്റെ പേര് തന്നെ സുഖധാമം എന്നായിരുന്നു, ഇതാണ് ദുഃഖധാമം ഇനി എവിടെയാണോ ആത്മാക്കൾ വസിക്കുന്നത് അതാണ് ശാന്തിധാമം. അവിടെ ആത്മാക്കൾ പവിത്രമാണ്. ഒരു അപവിത്ര ആത്മാവിനും അവിടെ ഇരിക്കാൻ സാധിക്കില്ല. നിങ്ങൾക്ക് ഇപ്പോൾ ബാബയെ ലഭിച്ചിരിക്കുന്നു പുതിയ ജീവിതം ലഭിച്ചിരിക്കുന്നു. പഴയ ജീവിതം മാറി ഇപ്പോൾ പുതിയ ജീവിതമായിക്കൊണ്ടിരിക്കുന്നു. നമ്മുടെ ബാബയിൽ നിന്ന് പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത് നമ്മൾ നേടിക്കൊണ്ടിരിക്കുന്നു. അളവില്ലാത്ത സുഖം ഭാരതത്തിൽ തന്നെയാണ് ഉണ്ടാകുന്നത് - സ്വർഗ്ഗത്തിൽ. അളവില്ലാത്ത ശാന്തി ലഭിക്കുന്നത് നിർവ്വാണധാമത്തിലാണ്, അതാണ് എന്റേയും നിങ്ങളുടെയും വീട്. അപ്പോൾ മനസ്സിലാക്കി കൊടുക്കണം നമ്മൾ ആത്മാക്കൾ ശാന്തിധാമത്തെ നിവാസികളാണ്. ബാബയും അവിടെയാണ് വസിക്കുന്നത്. ബാബ നമ്മളെ പോലെ ജനന-മരണ ചക്രത്തിലേക്ക് വരുന്നില്ല. ബാബയും ആത്മാവ് തന്നെയാണ്, എന്നാൽ പരമമായ ആത്മാവാണ്, പരംധാമ നിവാസിയാണ്. നമ്മൾ ആത്മാക്കളും പരംധാമ നിവാസിയായ പരമാത്മാവിന്റെ മക്കളായിരുന്നു. വീട് നമ്മുടേതെല്ലാവരുടേതും അതാണ്. വീടും എല്ലാവർക്കും ഓർമ്മയുണ്ട്. ആരെങ്കിലും മരിക്കുകയാണെങ്കിൽ ഇന്നയാൾ നിർവ്വാണത്തിലേക്ക് പോയെന്ന് പറയുന്നു. അതാണ് ശബ്ദത്തിന് ഉപരിയായ സ്ഥാനം. സൂര്യ ചന്ദ്രൻമാരുടെ താപമവിടെയില്ല, നമ്മൾ അവിടുത്തെ നിവാസികളാണ്. ഇപ്പോൾ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നു. എപ്പോഴാണോ ബാബ വരുന്നത് അപ്പോൾ പുതിയ കാര്യങ്ങൾ വീണ്ടും കേൾപ്പിക്കുന്നു. മനുഷ്യർ ഈ നാടകത്തെ അറിയുകയാണെങ്കിൽ പറയും - ഞങ്ങൾ വെയ്ക്കുന്ന ഓരോ ചുവടും *സെക്കന്റ് ബൈ സെക്കന്റ്* പുതിയതാണ്. പരിധിയില്ലാത്ത നാടകം കറങ്ങിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ ബാബ വന്ന് പുതിയ കാര്യങ്ങൾ കേൾപ്പിക്കുന്നു. നിങ്ങൾ കുട്ടികളെ ത്രികാല ദർശിയും, ത്രിനേത്രിയുമാക്കിക്കൊണ്ടിരിക്കുന്നു. ബാബ ബ്രഹ്മാണ്ഡത്തിന്റെ അധികാരിയാണെങ്കിൽ ത്രിലോകത്തിന്റെയും അധികാരിയല്ലേ എന്തുകൊണ്ടെന്നാൽ മൂന്ന് ലോകങ്ങളുടെയും ജ്ഞാനം നൽകുന്നു. നിങ്ങൾ മൂന്ന് ലോകത്തിന്റെയും അധികാരിയാകുന്നില്ല.

നിങ്ങൾ വിശ്വത്തിന്റെ അധികാരി മഹാരാജാ-മഹാറാണിയാകുന്നു. ത്രിലോകീ അർത്ഥം മൂന്ന് ലോകങ്ങളെയും അറിയുക. അധികാരിയാകുന്നത് ഇതിലൊരു ലോകം സ്വർഗ്ഗത്തിന്റേത് മാത്രമാണ്. അപ്പോൾ ഇതെല്ലാം പുതിയ-പുതിയ കാര്യങ്ങളാണ്. ബാബയുടെ കുട്ടികളാകുന്നത് തന്നെ സ്വർഗ്ഗത്തിന്റെ സമ്പത്ത് നേടുന്നതിന് വേണ്ടിയാണ്. ഏതൊരാൾക്കും ഇത് മനസ്സിലാക്കി കൊടുക്കുക വളരെ എളുപ്പമാണ്. ചോദിക്കൂ ഭഗവാനുമായി നിങ്ങൾക്ക് എന്ത് സംബന്ധമാണുള്ളത്? ഭഗവാൻ മാതാ-പിതാവ് സ്വർഗ്ഗത്തിന്റെ രചയിതാവാണ്. ഭഗവാനെ ഒരിക്കലും നരകം അഥവാ ദുഃഖധാമത്തിന്റെ രചയിതാവെന്ന് പറയില്ല. പരംപിതാ പരമാത്മാവ് ബ്രഹ്മാവിലൂടെ സ്വർഗ്ഗത്തിന്റെ സ്ഥാപനയാണ് ചെയ്യുന്നത്. തീർച്ചയായും പുതിയ ലോകം സ്വർഗ്ഗം തന്നെയാണ് രചിക്കുക. പരമാത്മാവ് ആദ്യം ബ്രഹ്മാവിലൂടെ ബ്രാഹ്മണരെ രചിക്കുന്നു, അവരെ രാജയോഗം പഠിപ്പിക്കുന്നു അവർ പിന്നീട് ബ്രാഹ്മണനിൽ നിന്ന് ദേവതയാകുന്നു. അപ്പോൾ ബ്രഹ്മാവിലൂടെ ബ്രാഹ്മണരും പിന്നീട് വിഷ്ണുവിലൂടെ ദൈവീക ധർമ്മവും ഉണ്ടാകും. ഈ സമയം നിങ്ങൾ ബ്രാഹ്മണരായി പിന്നീട് ക്ഷത്രിയരുമാകുന്നു. വിഷ്ണു ധർമ്മത്തിലേക്ക് പോകുന്നു. ഇപ്പോൾ ഈശ്വരീയ ധർമ്മം അഥവാ ബ്രാഹ്മണ ധർമ്മത്തിലേക്ക് വന്നിരിക്കുന്നു പിന്നീട് ഭാവിയിൽ ദൈവീക ധർമ്മത്തിലേക്ക് പോകും. ബ്രാഹ്മണ ധർമ്മവും വേണ്ടേ. പ്രജാപിതാ ബ്രഹ്മാവിലൂടെ മുഖവംശാവലീ ബ്രാഹ്മണരെ രചിച്ചു, അവർ മക്കളാണ്. സന്യാസിയും മുഖത്തിലൂടെയാണ് രചിക്കുന്നത്. എന്നാൽ അവർ മക്കളെയല്ല രചിക്കുന്നത്, അവർ പിൻഗാമികളെയാണ് രചിക്കുന്നത്. അതിനെ വംശമെന്ന് പറയില്ല. മുഖത്തിലൂടെ പറയുന്നു നിങ്ങളെന്റെ പിൻഗാമികളാണ്. വംശമാണെങ്കിൽ സമ്പത്ത് ലഭിക്കണം. ഈ കാര്യം നിങ്ങൾക്കറിയാം അതായത് ദിനം-പ്രതിദിനം ബ്രഹ്മാ മുഖവംശാവലിയുടെ വൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കും. ധാരാളം ബി. കെ-കൾ ഉണ്ടായിക്കൊണ്ടിരിക്കും. എത്ര ദേവതകൾ ഉണ്ടാകണോ, അത്രയും ബ്രാഹ്മണർ തീർച്ചയായും ഉണ്ടാകും. പരംപിതാ പരമാത്മാവ് ബ്രഹ്മാവിലൂടെ മനുഷ്യരെ ബ്രാഹ്മണനിൽ നിന്ന് ദേവതകളാക്കുന്നു, അപ്പോൾ തീർച്ചയായും സ്വർഗ്ഗത്തിന്റെ അധികാരിയായിരിക്കും. അവരെക്കുറിച്ചു തന്നെയുള്ള മഹിമയാണ് മനുഷ്യനിൽ നിന്ന് ദേവത. . . അപ്പോൾ ബാബ വന്ന് ഈ പുതിയ-പതിയ കാര്യങ്ങൾ കേൾപ്പിക്കുകയാണ്. പുതിയ ലോകത്തിനായുള്ള പുതിയ കാര്യങ്ങളായതു കാരണം ശാസ്ത്രങ്ങളിലെവിടെയും ഈ കാര്യങ്ങളില്ല അതിനാൽ മനുഷ്യർ അമ്പരക്കുന്നു.

നിങ്ങളുടേത് ഈശ്വരീയ സമ്പ്രദായമാണ്. എന്നാൽ ആരാണോ ഈശ്വരീയ സന്താനമായതിന് ശേഷം പിന്നീട് ഈശ്വരനെ ഉപേക്ഷിക്കുന്നത് അവർ വീണ്ടും ആസുരീയ സമ്പ്രദായികളായി മാറുന്നു. ഒരു പ്രാവശ്യം മമ്മാ-ബാബയെന്ന് പറഞ്ഞു, ജ്ഞാനം കേട്ടു എങ്കിൽ അവർക്ക് സമ്പത്ത് തീർച്ചയായും ലഭിക്കും. മമ്മാ-ബാബയെന്ന് പറഞ്ഞുകൊണ്ടേയിരിക്കുന്നു. എഴുതാറുമുണ്ട്, പിതാശ്രീ, മാതേശ്വരീ. പ്രജാപിതാ ബ്രഹ്മാവ് പ്രസിദ്ധമല്ലേ! ശിവബാബയും പ്രസിദ്ധനാണ്. *ഗോഡ് ഫാദറെന്ന്* ആത്മാവാണ് പറയുന്നത്. ബാബ പറയുകയാണ് - ഞാൻ ഏറ്റവും ആദ്യം പ്രജാപിതാ ബ്രഹ്മാവിനെയാണ് ദത്തെടുക്കുന്നത്. ബ്രഹ്മാവിലൂടെ ദത്തെടുത്തതാണ് ഈ എല്ലാ ബ്രാഹ്മണരും. അപ്പോൾ പുതിയ രചനയായില്ലേ. തീർച്ചയായും വളരെ പേരുണ്ടായിരിക്കും. ഇത്രയും പേരെ വിഷത്തിലൂടെ ജന്മം നൽകാൻ സാധിക്കില്ല. പാടിയിട്ടുമുണ്ട് പ്രജാപിതാ ബ്രഹ്മാവും ജഗദംബയും. ബ്രഹ്മാവും ഒന്നാണ്, വിഷ്ണുവും ഒന്നാണ്, ലക്ഷ്മീ-നാരായണനും ഒന്നാണ്, ജഗദംബയും ഒന്നാണ്. ഇതേ രൂപ-സ്വഭാവമുള്ളവരെ പിന്നീടൊരിക്കലും കാണില്ല. ഓരോ മുനുഷ്യനെയും പിന്നീട് കൽപത്തിന് ശേഷമേ അതേ രൂപ-സ്വഭാവത്തോടെ കാണാൻ സാധിക്കൂ. ഇവിടെയാണെങ്കിൽ ഒരാളെ തന്നെ അനേക സ്വഭാവമുള്ളതാക്കി മാറ്റുന്നു. ഇവിടെ ധാരാളം ആളുകളുടെ പേര് രാധാ-കൃഷ്ണനെന്ന് വച്ചിട്ടുണ്ട്. എന്നാൽ ഒട്ടും തന്നെ മനസ്സിലാക്കുന്നില്ല. രാധയും-കൃഷ്ണനു മെന്നത് സത്യയുഗത്തിലെ ആദ്യത്തെ രാജകുമാരന്റെയും രാജകുമാരിയുടെയും പേരാണ്. നമ്മൾ പതിത രാണ്, നമുക്കെങ്ങനെ ഈ പേര് വെയ്ക്കാൻ സാധിക്കും. ശിവബാബ ഈ പുതിയ-പുതിയ കാര്യങ്ങൾ കേൾപ്പിക്കുകയാണ്, പുതിയ ലോകത്തിനായുള്ള പുതിയ-പുതിയ കാര്യങ്ങൾ, പുതിയ ജ്ഞാനമാണ്. ബാബ പറയുന്നു - ഞാൻ തന്നെ കൽപം മുൻപും പുതിയ കാര്യങ്ങൾ കേൾപ്പിച്ചിരുന്നു. ഇപ്പോൾ വീണ്ടും കേൾപ്പിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളിപ്പോൾ കേട്ടുകൊണ്ടിരിക്കുന്നു. നിങ്ങൾ ദേവീ-ദേവതയായിക്കഴി ഞ്ഞാൽ ഈ ജ്ഞാനം ഇല്ലാതാകും. അത്രയും ഉയർന്ന കയറ്റമാണ്. ഇങ്ങനെയും പാടിയിട്ടുണ്ട് ആശ്ചര്യ ത്തോടെ സ്വയം ബാബയുടേതാകുന്നു, കേൾക്കുന്നു, മറ്റുള്ളവരെ കേൾപ്പിക്കുന്നു പിന്നീട് അഹോ മായാ, ഓടിപ്പോകുന്നു. പിന്നീട് ആരോടും ബി. കെ. യുടെ അടുത്തേക്ക് പോകൂ എന്ന് പോലും പറയാൻ സാധി ക്കില്ല. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്. *നത്തിംങ് ന്യൂ*. ധാരാളം പേർ വന്നും പൊയ്ക്കൊണ്ടുമിരി ക്കും. ഭട്ടിയിൽ ഇരുന്നിട്ട് പോലും മായയോട് തോറ്റ് ഓടിപ്പോയി. സ്വർഗ്ഗത്തിലേക്ക് വരും എങ്ങനെയു ള്ള പുരുഷാർത്ഥമാണോ ചെയ്തത് അതുപോലെയുള്ള പദവി നേടും. തന്റേത് അഥവാ തന്റെ സംബന്ധി കളുടേത് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ പറയാൻ സാധിക്കും. സ്വയവും മനസ്സിലാക്കാൻ സാ ധിക്കും അതായത് ഈ അവസ്ഥയിൽ എന്ത് പദവി നേടും... ബാബയിരുന്ന് മനസ്സിലാക്കി തരുന്നു - ഡൽ

ഹിയിൽ എല്ലാ ധർമ്മങ്ങളുടെയും സമ്മേളനം നടക്കാറുണ്ട്, ഇപ്പോൾ സമ്മേളനം നടത്തുന്നത് സൃഷ്ടിയിൽ എങ്ങനെ ശാന്തി സ്ഥാപിക്കും അല്ലെങ്കിൽ എങ്ങനെ എല്ലാവരും ചേർന്ന് ഒന്നാകുന്നതിനാണ്... ഒന്നാകാൻ സാധിക്കില്ല. മത നേതാക്കൻമാരുടെ സമ്മേളനമാണ് എന്നാൽ അവർക്ക് ധർമ്മങ്ങളുടെ സംഖ്യാക്രമമെങ്ങനെയാണെന്നറിയില്ല. ആദ്യത്തെ ധർമ്മം ഏതാണ്? മത നേതാക്കളെന്നാൽ ആരാരെല്ലാമാണോ ധർമ്മം സ്ഥാപിച്ചത് അവരാണ് തലവൻമാരാകുക. മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ *കലക്ടർക്കോ ജഡ്ജിക്കോ* പോകാൻ സാധിക്കാത്തത് പോലെ. *ഗവർണർമാരുടെ* സമ്മേളനമാണെങ്കിൽ അതിൽ *ഗവർണർമാർ* മാത്രമായിരിക്കും വരുന്നത്. കൂടിയാൽ *ഗവർണർ* തന്റെ *പ്രൈവറ്റ് സെക്രട്ടറിയെയും* മറ്റും കൂടെ കൊണ്ട് വന്നേക്കാം. ചിന്തിക്കണം ഈ ധർമ്മങ്ങളെല്ലാം എങ്ങനെയാണ് *നമ്പർവൈസായി* സ്ഥാപിക്കുന്നത്? ആദി സനാതന ദേവീ-ദേവതാ ധർമ്മം മാത്രമായിരുന്നു ഉണ്ടായിരുന്നത്. ആ ധർമ്മത്തിന്റെ തലവൻ എവിടെ? ആ ധർമ്മം ആരാണ് സ്ഥാപിച്ചത്? കൃഷ്ണനാണെങ്കിൽ ഇപ്പോളില്ല. ഇല്ലെങ്കിൽ പിന്നീട് കൃഷ്ണനെ അംഗീകരിക്കുന്നവർ വേണം. അവരാണ് വല്ലഭാചാരികൾ. അപ്പോൾ തീർച്ചയായും നമ്മുടെ ദൈവീക ധർമ്മമുണ്ടായിരുന്നു, അവർ പിന്നീട് ഹിന്ദുവെന്ന് പറയുന്നു. എന്നാൽ ഹിന്ദുവെന്ന ധർമ്മമില്ല. ദേവതാ ധർമ്മത്തിന്റെയും ആരും ഇപ്പോൾ ഇല്ല. അപ്പോൾ ധർമ്മത്തിന്റെ തലവൻമാരാണ് വരേണ്ടത്. കൂടെ *സെക്രട്ടറിമാരെയും* കൊണ്ട് വന്നേക്കാം. മുഖ്യമായ ധർമ്മങ്ങൾ നാലാണ്, അതിന്റെ തലവൻമാർ വേണം. ദേവീ-ദേവതകളുടെ *ഹെഡ്* ആരാണ്? *ഗോഡസ് ഓഫ് നോളജായി* (ജ്ഞാനേശ്വരി)സരസ്വതി, പ്രജാപിതാ ബ്രഹ്മാ...... ഇവരെയെല്ലാം പറയാറുണ്ട്. അപ്പോൾ തീർച്ചയായും ഇവർ വലിയവരായിരിക്കും. ലോകരും മനസ്സിലാക്കാറുണ്ട് ബ്രഹ്മാവിൽ നിന്നാണ് ബ്രാഹ്മണ ധർമ്മം ഉണ്ടായത്. എന്നാൽ ബ്രാഹ്മണരെ പഠിപ്പിച്ച് എങ്ങനെയാണ് ദേവതയാക്കുന്നതെന്നറിയില്ല. ലൗകിക ബ്രാഹ്മണരും പറയാറുണ്ട് ഞങ്ങൾ ബ്രഹ്മാവിന്റെ സന്താനങ്ങളാണ്. എന്നാൽ എങ്ങനെയാണ് ജന്മമെടുത്തതെന്നറിയില്ല. പിന്നീട് ബ്രാഹ്മണരിലും ചിലർ പുഷ്കരണി, ചിലർ സാരസിദ്ധർ, മറ്റ് ചിലർ വേറെ. ഇവിടെ ബ്രഹ്മാവിന്റെ കുട്ടികൾ ഒരൊറ്റ ബ്രാഹ്മണരാണ് ഇതിൽ മറ്റ് ഭിന്നതകളൊന്നുമില്ല. മറ്റ് ബ്രാഹ്മണരിൽ ഭിന്നതകളുണ്ട്, ഇതിൽ ഇല്ല. ദേവതകളിലും ഭിന്നതകളില്ല. സൂര്യവംശികളെല്ലാവരും സൂര്യവംശികൾ, മതഭേദത്തിന്റെ കാര്യമില്ല. ഭിന്നിപ്പിൽ എത്ര നഷ്ടങ്ങളാണുണ്ടാകുന്നത്. അപ്പോൾ നിങ്ങൾ ബാബയിൽ നിന്ന് ഈ പുതിയ-പുതിയ കാര്യങ്ങൾ കേൾക്കുകയല്ലേ. പാട്ടൊന്നുമല്ല പാടുന്നത്, പുതിയ തരത്തിലുള്ള ജ്ഞാനം കേൾപ്പിക്കുകയാണ്. മുഴുവൻ സൃഷ്ടിയുടെയും ജ്ഞാനം നൽകുകയാണ് അത് ധാരണ ചെയ്യണം. ഇങ്ങനെയുള്ള അച്ഛൻ, *ടീച്ചർ*, ഗുരുവിനെ വെടിഞ്ഞ് പഠിത്തം ഉപേക്ഷിക്കരുത്. പഠിത്തം ഉപേക്ഷിച്ചു അർത്ഥം ബാബയെ ഉപേക്ഷിച്ചു, വിദ്യാർത്ഥിയല്ലെങ്കിൽ സന്താനവുമല്ല. ബാബയെ ഉപേക്ഷിച്ചുവെന്നാൽ സമ്പത്ത് നഷ്ടപ്പെടുത്തി. പതിത-പാവനൻ ഒരേ ഒരു ബാബയാണ്.

ബാബ പറയുന്നു - ഇപ്പോൾ കണക്കെടുപ്പിന്റെ സമയമാണ്, എല്ലാവർക്കും കണക്കുകൾ തീർത്ത് തിരിച്ച് പോകണം. സ്വർണ്ണം അഗ്നിയിലിടുകയാണെങ്കിൽ ശുദ്ധമാകുന്നു. ഇപ്പോൾ അഗ്നി മുഴുവൻ ലോകത്തിനും പടിക്കണം എന്നാൽ ഈ അഗ്നിയിലൂടെ പാവനമാകുകയില്ല. ഇതിൽ യോഗബലത്തിന്റെ കാര്യമാണ് അല്ലെങ്കിൽ പിന്നീട് ശിക്ഷകൾ അനുഭവിച്ച് ശരീരം ഉപേക്ഷിക്കും, കണക്കുകൾ ഇല്ലാതാകും. പാപങ്ങളുടെ കണക്കുകൾ ഇല്ലാതാക്കി പാവനമായി പിന്നീട് തിരിച്ച് പോകണം. തിരിച്ച് പോകാനുള്ള സമയവും ഇതാണ്. മഹാഭാരത യുദ്ധവുമുണ്ട്. ഹോളിയും ആഘോഷിക്കാറുണ്ട്. രാവണ രാജ്യം ഇല്ലാതാകും പിന്നീട് രാമരാജ്യത്തിൽ വളരെ കുറച്ച് പേരേ ഉണ്ടായിരിക്കൂ. ഇപ്പോൾ രാവണരാജ്യത്തിൽ ധാരാളം പേരുണ്ട്. ഈ എല്ലാ ആത്മാക്കളും എവിടേക്ക് പോകും? മുക്തിയും തീർച്ചയായും വേണം. ബാബ പറയുന്നു - ഞാൻ എല്ലാവരെയും കൊണ്ട് പോകും. പിന്നീട് അവർക്ക് അവരവരുടെ ഭാഗം അഭിനയിക്കണം. നിങ്ങൾക്കറിയാം നമ്മൾ ദേവീ-ദേവതാ ധർമ്മത്തിൽ വരും. മുക്തിധാമത്തിലേക്ക് പോയി പിന്നീട് തിരിച്ച് വരും. 84 ജന്മമെടുക്കും. സൂര്യവംശിയും, ചന്ദ്രവംശിയും. . . ആകും. മുഴുവൻ ചക്രവും ബുദ്ധിയിൽ വന്നു. ആത്മാവിന് പറഞ്ഞ് കൊടുക്കാൻ സാധിക്കും, നിങ്ങൾ വന്നാൽ ഞങ്ങൾ നിങ്ങൾക്ക് ശിവബാബയുടെ കർത്തവ്യത്തെക്കുറിച്ച് പറഞ്ഞ് തരാം. കുട്ടികൾക്കല്ലാതെ മറ്റാർക്കും പറയാൻ സാധിക്കില്ല. അവർ പറയും പരമാത്മാവ് നിരാകാരനാണ്, അവരുടെ കർത്തവ്യം പിന്നെന്ത് പറയാനാണ്! നോക്കൂ പരമാത്മാവ് പതിത-പാവനനാണെങ്കിൽ തീർച്ചയായും പാവനമാക്കാൻ അവർക്കറിയില്ലേ. എങ്ങനെയാണ് രാജയോഗം പഠിപ്പിക്കുന്നത്, ബ്രഹ്മാവിലൂടെ എങ്ങനെയാണ് ദൈവീക ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നത്, ഇത് ഞങ്ങൾക്ക് പറഞ്ഞ് തരാൻ സാധിക്കും. അതുകൊണ്ട് ബാബയിരുന്ന് എല്ലാ കാര്യങ്ങളും മനസ്സിലാക്കി തരികയാണ്, കുട്ടികൾക്ക് തന്നെയാണ് മനസ്സിലാക്കിതരിക. കൽപം മുൻപ് ആര് പഠിച്ചിട്ടുണ്ടോ അവർ പഠിക്കുന്നു, പഠിക്കാൻ സാധിക്കുന്നില്ലെങ്കിൽ ഓടിപ്പോകുന്നു. പുതിയ കാര്യമല്ല. എങ്കിലും അച്ഛന് എപ്പോഴും കുട്ടികളിൽ സ്നേഹമുണ്ട്. പാവങ്ങൾ വീണ്ടും വന്ന് പൂർണ്ണമായ സമ്പത്ത് നേടട്ടെ. എന്നാൽ ഭാഗ്യത്തിലില്ലെങ്കിൽ എന്ത് ചെയ്യാൻ സാധിക്കും? ബാബയ്ക്ക് സ്നേഹമില്ലേ എന്തുകൊണ്ടെന്നാൽ ഭക്തി

മാർഗ്ഗത്തിലും ബാബയെ ധാരാളം ഓർമ്മിക്കുന്നുണ്ട്. ദേവീ-ദേവതാ ധർമ്മത്തിൽ ആരെല്ലാമാണോ ഉള്ളത് അവർ തീർച്ചയായും ഓർമ്മിച്ചിട്ടുണ്ടായിരിക്കും. അരകൽപം നന്നായി ഓർമ്മിക്കുന്നുണ്ട്. ആത്മാവ് സുഖം നേടിയിട്ടുണ്ട് അതുകൊണ്ട് ദുഃഖത്തിൽ ബാബയെ ഓർമ്മിക്കും. അവർ കൂടുതൽ ഭക്തി ചെയ്ത് പൂജാരിയിൽ നിന്ന് പൂജ്യരാകുന്നു. ആരാണോ ദേവീ-ദേവതകളായിരുന്നത് അവരുടെ തന്നെ നടീലാണ് നടക്കുന്നത്.

അതുകൊണ്ട് സമ്മേളനങ്ങൾ മുതലായവ എവിടെ ഉണ്ടാകുകയാണെങ്കിലും അതിൽ മുഖ്യ ധർമ്മത്തിൽ പെട്ടവരെ വിളിക്കണം. ബി. കെ. കളെ വിളിക്കുകയാണെങ്കിൽ അവർ പൂർണ്ണമായ നിർദ്ദേശം നൽകും. പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികൾ ബ്രഹ്മാകുമാരനും കുമാരികൾക്കും തന്നെയാണ് എന്ത് ചെയ്യണമെന്ന പൂർണ്ണമായ നിർദ്ദേശം നൽകാൻ സാധിക്കുന്നത്. നിങ്ങൾ ശാന്തി ആഗ്രഹിക്കുന്നു എന്നാൽ ശാന്തി ലഭിക്കുന്നത് നിർവ്വാണധാമത്തിലാണ്. ഇപ്പോൾ ഇത് ദുഃഖധാമമാണ്, അനേക ധർമ്മങ്ങളുണ്ട്. ഒരേഒരു ധർമ്മമായിരുന്നപ്പോൾ സുഖവും ശാന്തിയും എല്ലാമുണ്ടായിരുന്നു. ഇപ്പോൾ ഈ വിനാശം തീർച്ചയായും സംഭവിക്കും, ഇതിൽ സന്തോഷിക്കുകയാണ് വേണ്ടത്, സ്വർഗ്ഗത്തിന്റെ കവാടം തുറന്നുകൊണ്ടിരിക്കുകയാണ്. ഇങ്ങനെയിങ്ങനെ കുമാരിമാർക്ക് മനസ്സിലാക്കി കൊടുക്കേണ്ടതായുണ്ട്. മനസ്സിലായോ. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഒരിക്കലും ബാബയേയോ പഠിത്തത്തെയോ ഉപേക്ഷിച്ച് സമ്പത്ത് നഷ്ടപ്പെടുത്തരുത്. ഏകാഭിപ്രായത്തോടെയിരിക്കണം.

2) ശിക്ഷകളിൽ നിന്ന് മുക്തമാകുന്നതിന് വേണ്ടി യോഗബലത്തിലൂടെ പഴയ എല്ലാ കണക്കുകളും തീർക്കണം.

### വരദാനം:- സൂക്ഷിപ്പുകാരനാണെന്ന സ്മൃതിയിലൂടെ നിമിത്തമെന്ന് മനസ്സിലാക്കി കാര്യങ്ങൾ ചെയ്യുന്ന ഡബിൾ ലൈറ്റായി ഭവിക്കട്ടെ.

നിമിത്തമാണെന്നഭാവം ഭാരത്തെ സഹജമായി ഇല്ലാതാക്കുന്നു. എന്റെ ഉത്തരവാദിത്വമാണ്, എനിക്കു തന്നെ സംരക്ഷിക്കണം, ഞാൻ തന്നെ ചിന്തിക്കണം...ഇങ്ങനെയാണെങ്കിൽ ഭാരമാണ്. ഉത്തരവാദിത്വം ബാബയുടേതാണ്, ബാബ ട്രസ്റ്റി അതായത് നിമിത്തമാക്കിയിരിക്കയാണ്, ഈ സ്മൃതിയിലൂടെ ഡബിൾ ലൈറ്റായി പറക്കുന്ന കലയുടെ അനുഭവം ചെയ്തുകൊണ്ടിരിക്കൂ. എവിടെ "എന്റെ" ഉണ്ടോ അവിടെ ഭാരമുണ്ട്, അതിനാൽ എപ്പോഴെങ്കിലും ഏതെങ്കിലും കാര്യത്തിൽ ഭാരം തോന്നുന്നുണ്ടെങ്കിൽ പരിശോധിക്കൂ അതായത് എവിടെയെങ്കിലും അബദ്ധവശാൽ നിന്റെ എന്നതിന് പകരം എന്റെ എന്ന് പറയുന്നില്ലല്ലോ.

### സ്ലോഗൻ:- ഓരോ വാക്കിലും ആത്മീയ ഭാവവും ശുഭഭാവനയുമുണ്ടെങ്കിൽ ഒരു വാക്കും വ്യർത്ഥമായിപ്പോവുകയില്ല.

**ലൗലീന സ്ഥിതിയുടെ അനുഭവം ചെയ്യുന്നതിന് വേണ്ടി -** സാഗരത്തിൽ മുങ്ങിയിരുന്നാൽ ആ സമയത്ത് സാഗരമല്ലാതെ മറ്റൊന്നും തന്നെ കാണപ്പെടുകയില്ല എന്നത് പോലെ താങ്കൾ കുട്ടികൾ സർവ്വഗുണങ്ങളുടെ സാഗരത്തിൽ മുങ്ങിയിരിക്കൂ. ബാബയിൽ മുങ്ങേണ്ട, മറിച്ച് ബാബയുടെ ഓർമ്മയിൽ, സ്നേഹത്തിന്റെ സാഗരത്തിൽ മുങ്ങിയിരിക്കൂ.